## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **7929**

**16.07.2014**- ലെ മറുപടിക്ക്

### സഹകരണ നിയമത്തിലെ വകുപ്പുകൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കേരള സഹകരണ നിയമത്തിലെ വകുപ്പുകൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി സഹകരണ സംഘങ്ങൾ വ്യാപകമായി രജിസ്റ്റർ ചെയ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഓരോ തരം സംഘങ്ങളുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ ബൈലോയിൽ ഉൾക്കൊള്ളിച്ച് ചില സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തുന്നതിനും 2013 ലെ കേരള സഹകരണസംഘം (ഭേദഗതി) നിയമപ്രകാരം വകുപ്പ് 13 എ യിൽ ഓരോ സംഘത്തിന്റേയും ബൈലോ വ്യവസ്ഥകൾ കേരള സഹകരണസംഘം നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾക്ക് വിരുദ്ധമാകാൻ പാടില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെടുത്തി കൊണ്ടും സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കൂടാതെ ഉദ്യോഗസ്ഥരുടെ ജോലി അവലോകന യോഗങ്ങളിൽ ഇത് സംബന്ധിച്ച് നിർദേശങ്ങൾ നൽകാറുമുണ്ട്. |
| (ബി) പാലക്കാട് ജില്ലയിൽ 01.07.2011 മുതൽ 31.03.2014 വരെ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു; അവ ഏതെല്ലാം; ഓരോന്നിന്റെയും വിശദാംശം നൽകുമോ; | (ബി) പാലക്കാട് ജില്ലയിൽ 01.07.2011 മുതൽ 31.03.2014 വരെ 32 സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ വിശദാംശം അനുബന്ധം - 1 ആയി ചേർക്കുന്നു. |

| | |
|---|---|
| (സി) പാലക്കാട് ജില്ലയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങൾ ഉണ്ട്. വിശദാംശങ്ങൾ നൽകാമോ; | (സി) പാലക്കാട് ജില്ലയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന 292 സഹകരണ സംഘങ്ങളുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 - ആയി ചേർത്തിരിക്കുന്നു. |
| (ഡി) പ്രസ്തുത സംഘങ്ങൾ ലാഭത്തിലാക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങൾ ആണ് നൽകിയത്: വിശദാംശങ്ങൾ നൽകാമോ? | (ഡി) പ്രസ്തുത സംഘങ്ങളെ ലാഭത്തിലാക്കുന്നതിനായി ചുവടെ ചേർക്കുന്ന നിർദേശങ്ങൾ നൽകിയിട്ടുണ്ട്.<br>1) സംഘത്തിന്റെ ഓവർഡ്യൂ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക<br>2) നൂതന വിവരസാങ്കേതിക സംവിധാനങ്ങൾ സംഘങ്ങളിൽ ഏർപ്പെടുത്തുക.<br>3) ജീവനക്കാർക്ക് നിരന്തരമായ പരിശീലനങ്ങൾ കാലാകാലങ്ങളിൽ നൽകുക.<br>4) ലോ കോസ്റ്റ് ഡെപ്പോസിറ്റ് മൊത്തം ഡെപ്പോസിറ്റിന്റെ 30% എങ്കിലും ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.<br>5) ഫിനാൻഷ്യൽ മാർജിൻ 3% മുതൽ 3.50% വരെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്